## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.769 | 29.09.2016-ൽ<br>മറുപടിക്ക് |

### <u>കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എം.മാണി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) മുൻ സർക്കാരിന്റെ കാലത്ത് ആകെ എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും എത്ര രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | എ) മുൻ സർക്കാരിന്റെ കാലത്ത് ആകെ 190401 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 778.9 കോടി രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചു |
| ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആകെ എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും എത്ര രൂപ സർക്കാരിന് വരുമാനം ലഭിച്ചുവെന്നും വിശദമാക്കുമോ; | ബി) ഈ സർക്കാരിന്റെ കാലത്ത് ആകെ 6952 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 9.02 കോടി രൂപയുടെ വരുമാനം സർക്കാരിനു ലഭിച്ചു |
| സി) കുടുംബ ഭാഗപത്ര രജിസ്ട്രേഷന്റെ ഫീസ് വർദ്ധിപ്പിച്ചതിന് ശേഷം എത്ര കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നുവെന്നും ഇതിൽ നിന്ന് സർക്കാരിന് എത്ര വരുമാനം ലഭിച്ചുവെന്നും വിശദമാക്കുമോ? | സി) കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചതിനു ശേഷം ആകെ 2376 കുടുംബ ഭാഗപത്ര രജിസ്ട്രേഷൻ നടന്നു. ആയതിലൂടെ 4.52 കോടി രൂപയുടെ വരുമാനം സർക്കാരിന് ലഭിച്ചു |

**സെക്ഷൻ ഓഫീസർ**